പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1285 03.12.2018 ൽ മറുപടിക്ക്

## റെയിൽവേ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ടി.ബൽറാം | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ റെയിൽവേ വികസനം സ്തംഭനാവസ്ഥയിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) ഇഴഞ്ഞ് നീങ്ങുന്ന പദ്ധതികളാലും പുതിയ പാതകളുടെ കുറവ് മൂലവും കേരളത്തിൽ റെയിൽവേ വികസനം മുരടിച്ചുവെന്നത് വസ്തുതയല്ലേ എന്ന് വ്യക്തമാക്കാമോ;<br>(സി) ഭൂമി ഏറ്റെടുത്ത് നൽകുന്നതിലെ മെല്ലെപ്പോക്ക് നയമാണ് റെയിൽവേ വികസനത്തിന് പ്രതിബന്ധമായി നിൽക്കുന്നത് എന്ന ആക്ഷേപത്തിന്മേലുള്ള വസ്തുത വെളിപ്പെടുത്താമോ; | (എ) യും (ബി) യും (സി) യും<br>ഇന്ത്യൻ റെയിൽവേ ദീർഘകാലമായി കേരളത്തോട് കാട്ടുന്ന അവഗണന അവസാനിപ്പിക്കുന്നതിനും റെയിൽപാതകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനും കാലപ്പഴക്കം വന്ന റെയിൽ പാളങ്ങൾ പുന:സ്ഥാപിക്കുന്നതിനും റെയിലുകളുടെ തേയ്മാനവും വിള്ളലുകളും പരിഹരിക്കുന്നതിനും, കേരളത്തിന്റെ ദീർഘകാല ആവശ്യങ്ങളായ പാത ഇരട്ടിപ്പിക്കൽ, വൈദ്യുതവൽക്കരണം, സിഗ്നൽ പരിഷ്കരണം തുടങ്ങിയവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും കേരള സർക്കാർ കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തിവരികയാണ്. ബഹു. മുഖ്യമന്ത്രി പ്രധാന മന്ത്രിക്കും റെയിൽവേ മന്ത്രിക്കും, സംസ്ഥാനത്തിന്റെ റെയിൽവേ വകുപ്പ് മന്ത്രി കേന്ദ്ര റെയിൽവേ വകുപ്പ് മന്ത്രിക്കും, ഇത് സംബന്ധിച്ച് നിരവധി കത്തുകൾ അയച്ചിട്ടുണ്ട്. എം.പിമാരുടെ തലത്തിലും ഉദ്യോഗസ്ഥ തലത്തിലും നിരന്തരം സമ്മർദ്ദം ചെലുത്തി വരുന്നു.<br>റെയിൽവേ അർത്ഥന ലഭ്യമാക്കിയിട്ടുള്ള ഭൂമികൾക്ക് DLFC/SLEC അനുമതി വാങ്ങി യഥാസമയം ഭൂമി റെയിൽവേക്ക് കൈമാറാനും LARR കേസുകളിൽ വിധി വന്ന് 15 ദിവസങ്ങൾക്കകം അനുബന്ധ വിവരങ്ങൾ റെയിൽവേക്ക് നൽകുവാനും എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ റെയിൽവേ പാതകളുടെ അലൈൻമെന്റ് സംബന്ധിച്ച എതിർപ്പുകളും ജനകീയ പ്രക്ഷോഭങ്ങളും ഭൂമി ഏറ്റെടുക്കുന്നതിന് വിഘാതം സൃഷ്ടിക്കുന്നുണ്ട്. അതോടൊപ്പം നഷ്ടപരിഹാരം സംബന്ധിച്ച് പരാതികളും, കോടതി വ്യവഹാരങ്ങളും സമയബന്ധിതമായി ഭൂമി ഏറ്റെടുക്കുന്നതിന് പ്രതിബന്ധമാകാറുണ്ട്. വ്യവഹാരങ്ങൾ നിമിത്തമുള്ള കാലതാമസം ഭൂമി വിലയിൽ വർദ്ധനവ് ഉണ്ടാകുന്ന സാഹചര്യം സംജാതമാക്കുന്നു. തൻനിമിത്തം ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുകയിൽ ഭീമമായ വർദ്ധനവ് രേഖപ്പെടുത്തുന്നു. ഇതും ഭൂമി ഏറ്റെടുക്കുന്നതിൽ വിഘാതം സൃഷ്ടിക്കുന്ന ഒരു ഘടകമാണ്. എങ്കിലും സമയബന്ധിതമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു. |

(ഡി) റെയിൽവെ സ്വന്തം പണം മുടക്കി ചെയ്യുവാൻ മുന്നോട്ട് വന്നിട്ടുള്ള കോട്ടയം പാത ഇരട്ടിപ്പിക്കൽ, നേമം ടെർമിനൽ പദ്ധതി, ഗുരുവായൂർ-തിരുനാവായ പാത എന്നിവയ്ക്ക് ഭൂമി ഏറ്റെടുത്ത് നൽകുന്നതിൽ ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ?

(ഡി) കോട്ടയം പാതയിരട്ടിപ്പിക്കലിന്റെ ഭാഗമായി മുളന്തുരുത്തി മുതൽ കുറുപ്പന്തറ വരെയുള്ള ആദ്യ റീച്ചിലെ മുഴുവൻ ഭൂമിയും ഏറ്റെടുത്ത് റെയിൽവേക്ക് കൈമാറിയിട്ടുണ്ട്. കുറുപ്പന്തറ മുതൽ ചിങ്ങവനം വരെയുള്ള രണ്ടാം റീച്ചിലെ അവശേഷിക്കുന്ന 4.3214 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ചിങ്ങവനം മുതൽ ചങ്ങനാശ്ശേരി വരെയുള്ള മൂന്നാം റീച്ചിലെ മുഴുവൻ ഭൂമിയും ഏറ്റെടുത്ത് റെയിൽവേക്ക് കൈമാറിയിട്ടുണ്ട്.

നേമത്തെ പുതിയ കോച്ചിംഗ് ടെർമിനലിനും, തിരുവനന്തപുരം-കന്യാകുമാരി പാത ഇരട്ടിപ്പിക്കലിന്റെ ഭാഗമായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിലേക്കായി 27.06.2018 ലെ സ.ഉ(സാധാ) നം. 2408/2018/റവ ഉത്തരവ് പ്രകാരം ഒരു എൽ.എ യൂണിറ്റ് തുടങ്ങി ഉത്തരവായിട്ടുണ്ട്. നേമത്തെ പുതിയ കോച്ചിംഗ് ടെർമിനലിനും, നേമം വരെയുള്ള ആദ്യ ഘട്ട പാത ഇരട്ടിപ്പിക്കലിനും ആവശ്യമായ 15 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 07.11.2018 ലെ സ.ഉ(സാധാ) നം. 495/2018/ഗതാ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ SIA പഠനം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

30.8 കി.മീ ദൈർഘ്യമുള്ള നിർദ്ദിഷ്ട ഗുരുവായൂർ - തിരുനാവായ റെയിൽവേ പാത മലപ്പുറം - തൃശ്ശൂർ ജില്ലകളിൽകൂടി കടന്നുപോകുന്നു. മലപ്പുറം ജില്ലയിൽ പൊതു ജനങ്ങളുടെ എതിർപ്പ് കാരണം ആദ്യം നിശ്ചയിച്ച അലൈൻമെന്റിൽ നിന്നും വ്യതിചലിക്കുകയുണ്ടായി. സർവ്വേ നമ്പർ സഹിതമുള്ള ഫൈനൽ അലൈമെന്റ് സ്കെച്ചും അർത്ഥനയും റെയിൽവേയിൽ നിന്നും ലഭ്യമാക്കേണ്ടതായിട്ടുണ്ട്. ഗുരുവായൂർ - തിരുനാവായ റെയിൽവേ ലൈനിന്റെ അന്തിമ ലൊക്കേഷൻ സർവ്വേ പൂർത്തിയാക്കി ലഭ്യമാക്കുന്ന മുറയ്ക്ക് സ്ഥലമേറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ